## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.384 — 27/09/2016-ൽ മറുപടിക്ക്

# ഭൂഗർഭ കേബിൾ മുഖാന്തിരം വൈദ്യുതി വിതരണം

| | ചോദ്യം<br><br>ശ്രീ.പി.സി.ജോർജ്ജ് | | ഉത്തരം<br>ശ്രീ. കടകം പളളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | പല പ്രധാന നഗരങ്ങളിലും ടൗണുകളിലും ഗ്രാമങ്ങളിലും വലിയ വികസന സാധ്യതയുള്ള സ്ഥലങ്ങളുടെ മുകളിൽക്കൂടി 440 കെ.വി., 220 കെ.വി., 110 കെ.വി., 66 കെ.വി., 11 കെ.വി. മുതലായ വലിയ വൈദ്യുതി ലൈനുകൾ കടന്നു പോകുന്നതിനാൽ വികസന പ്രവർത്തനങ്ങൾക്കും മറ്റും വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ ജനങ്ങളെ സഹായിക്കാൻ എന്തെല്ലാം കാര്യങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഭാഗത്തു നിന്നും ചെയ്യുവാൻ കഴിയുമെന്നത് വിശദമാക്കുമോ; | (എ) | വികസന സാധ്യതയുള്ള സ്ഥലങ്ങളിലൂടെയും ജനസാന്ദ്രതയുള്ള സ്ഥലങ്ങളിലൂടെയും വികസന പ്രവർത്തനങ്ങൾക്കും ജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാകാത്ത വിധം വൈദ്യുത ലൈനുകൾ വലിക്കാൻ ശ്രദ്ധിക്കാറുണ്ട്. R-APDRP, IPDS പദ്ധതികളിൽപ്പെടുത്തി പ്രധാനപ്പെട്ട നഗരങ്ങളിൽ 11 കെ.വി. ഓവർ ഹെഡ് ലൈനുകൾ മാറ്റി ഭൂഗർഭ കേബിൾ ആക്കുന്നതിനുള്ള പ്രവർത്തികൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത ലൈനുകൾ ഭൂഗർഭ കേബിൾ മുഖാന്തിരം കടത്തിവിടുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്.<br>നിലവിലുള്ള എല്ലാ ലൈനുകളും മാറ്റി ഭൂഗർഭ കേബിൾ ഇടുന്നത് വൻ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതായതിനാൽ പ്രായോഗികമല്ല. Railway, PWD, NH, BSNL,KWA എന്നീ വകുപ്പുകളിൽ നിന്നും ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനും ബുദ്ധിമുട്ടുകളുണ്ട്. |
| (സി) | കേരളത്തിൽ എവിടെയെങ്കിലും ഗാർഹിക ആവശ്യത്തിനുള്ള സർവ്വീസ് ലൈനുകളും ചെറിയ വ്യവസായികാവശ്യത്തിനുള്ള ലൈനുകളും ഭൂഗർഭ കേബിൾ മുഖാന്തിരം കൊടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) & (ഡി) | മുൻകാലങ്ങളിൽ LT വൈദ്യുത കണക്ഷനുകൾ നൽകുന്നതിന് ഭൂഗർഭ കേബിൾ വ്യാപകമായി ഉപയോഗിച്ചിരുന്നു. എന്നാൽ പിന്നീട് ഇത്തരം സാഹചര്യങ്ങൾ വൈദ്യുത മോഷണത്തിന് ഇടയാക്കിയതിനാൽ ഇത് നിരുത്സാഹപ്പെടുത്തുകയുണ്ടായി. |
| (ഡി) | ഉപഭോക്താവ് കേബിളിന്റെയും മറ്റും തുക അടച്ചാൽ ഭൂഗർഭ കേബിൾ മുഖാന്തിരം വൈദ്യുതി കൊടുക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഇ) | റോഡുകളുടെ വശങ്ങളിൽ വൈദ്യുതി പോസ്റ്റുകൾ ഉള്ളത് ഗതാഗതത്തിനും തടസ്സമാകുന്നതിനാൽ ഇവയെല്ലാം മാറ്റി എല്ലാ മേഖലകളിലും ഭൂഗർഭ കേബിൾ മുഖാന്തിരം വൈദ്യുതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഇ) | മുഴുവൻ വൈദ്യുതി വിതരണ ലൈനുകളും ഭൂഗർഭ കേബിളുകൾ മുഖേന ആക്കുന്നത് വൻ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതായതിനാൽ പ്രായോഗികമല്ല. |
| (എഫ്) | കേരളത്തിൽ ആകെ എത്ര ഗാർഹിക കണക്ഷൻ ഉണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ; ഇതിൽ ബി.പി.എൽ കാർ എത്ര; | (എഫ്) | ഗാർഹിക കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) ബി.പി.എൽ ഗാർഹികകണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 1010395 |
| കൊല്ലം | 762578 |
| പത്തനംതിട്ട | 378877 |
| കോട്ടയം | 552902 |
| എറണാകുളം | 1002839 |
| തൃശ്ശൂർ | 868185 |
| ഇടുക്കി | 301838 |
| ആലപ്പുഴ | 596501 |
| പാലക്കാട് | 744570 |
| മലപ്പുറം | 977102 |
| കോഴിക്കോട് | 824874 |
| വയനാട് | 215928 |
| കണ്ണൂർ | 662255 |
| കാസർഗോഡ് | 335368 |
| **ആകെ** | **9234212** |

ബി.പി.എൽ ഗാർഹികകണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ജി) | കേരളത്തിൽ എത്ര വ്യവസായിക വൈദ്യുതി കണക്ഷൻ ഉണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ; മുകളിൽ പറഞ്ഞിരിക്കുന്ന നിലവിലുള്ള വൈദ്യുതി ലൈനുകളുടെ താഴെ കെട്ടിടങ്ങൾ വയ്ക്കുന്നതിന് കെ.എസ്. ഇ.ബി യുടെ എന്തൊക്കെ നിയമങ്ങൾ പാലിക്കണമെന്നാണ് അനുശാസിക്കുന്നത് ; വിശദമാക്കുമോ? | (ജി) | 137447 വ്യാവസായിക കണക്ഷനുകൾ ഉണ്ട്. ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 10094 |
| കൊല്ലം | 9816 |
| പത്തനംതിട്ട | 3749 |
| കോട്ടയം | 9740 |
| എറണാകുളം | 21198 |
| തൃശ്ശൂർ | 17688 |
| ഇടുക്കി | 5688 |

| | |
|---|---|
| ആലപ്പുഴ | 8808 |
| പാലക്കാട് | 11152 |
| മലപ്പുറം | 12454 |
| കോഴിക്കോട് | 11334 |
| വയനാട് | 2244 |
| കണ്ണൂർ | 9346 |
| കാസർഗോഡ് | 4136 |
| **ആകെ** | **137447** |

കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 2010 ലേയും 2015-ലേയും സുരക്ഷയും വൈദ്യുതി വിതരണവും സംബന്ധിച്ച ചട്ടങ്ങളാണ് വൈദ്യുതി ലൈനുകളുടെ സമീപം കെട്ടിടം വെയ്ക്കുന്നതിന് പാലിക്കേണ്ടത്. കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ചട്ടങ്ങളിൽ ഇതിനെ സംബന്ധിച്ച നിയമങ്ങൾ വിശദീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ